⇨ ആധുനിക വികസന മാതൃകയുടെ ആരംഭം വ്യാവസായിക വിപ്ലവത്തോടെയാണ് ആരംഭിക്കുന്നത് ⇨


# കേരളത്തിന് യോജിച്ച വികസന സങ്കൽപ്പം ഇനിയും രൂപപ്പെട്ടിട്ടില്ല

എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം ലാഭം മാത്രമാണെന്ന് കരുതുകയും ആ ലാഭം മത്സരിച്ചും ആക്രമിച്ചും കയ്യടക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ പരിസ്ഥിതിയുമായി സമരസപ്പെട്ടു കൊണ്ടുള്ള വികസനം സാധ്യമല്ല. മേൽത്തട്ടിലുള്ള ഏതാനും പേർ നിയന്ത്രിക്കുന്ന ഇന്നത്തെ വ്യവസ്ഥയ്ക്ക് പകരം ജനങ്ങൾക്കെല്ലാം നിയന്ത്രണമുള്ള ഒരു വ്യവസ്ഥിതിയുണ്ടായാൽ മാത്രമേ അത് സാധ്യമാകൂ.

**ഡോ. എ. അച്യുതൻ / കേരളീയം**

**വികസനം എന്ന പ്രക്രിയയ്ക്ക് താഴെ ലോകമെങ്ങും നടക്കുന്ന പ്രവർത്തനങ്ങൾ ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും വേണ്ട ഉപജീവനോപാധികൾ തകർത്തുകൊണ്ടിരിക്കുകയാണല്ലോ. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ഏറെക്കാലമായി സംസാരിക്കുകയും എഴുതുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാൾ എന്ന നിലയിൽ താങ്കൾ എങ്ങനെയാണ് ഈ പ്രതിസന്ധിയെ ഇപ്പോൾ നോക്കിക്കാണുന്നത്?**

ജീവികൾ തമ്മിൽ തമ്മിലും അവയുടെ ചുറ്റുപാടുകൾ തമ്മിലും നടത്തുന്ന പ്രവർത്തന പ്രതിപ്രവർത്തനങ്ങളുടെ ആകെത്തുകയാണ് പരിസ്ഥിതി. അതുകൊണ്ടുതന്നെ പരിസ്ഥിതിയെ പരിഗണിക്കുമ്പോൾ, വികസനം എന്നത് ഭൂമിയിലുള്ള എല്ലാവർക്കും ജീവിക്കാനും വളരുവാനും വംശം നിലനിർത്താനും ഉള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രക്രിയ ആയിരിക്കണം. എല്ലാവർക്കും എന്ന് പറയുമ്പോൾ ഇന്നുള്ള എല്ലാ മനുഷ്യർക്കും എന്നുമാത്രമല്ല, ഇന്നുള്ളതും വരാനിരിക്കുന്നതുമായി സമസ്ത ജീവജാലങ്ങൾക്കും എന്ന അർത്ഥമാണുള്ളത്. അതാണ് വികസനത്തിന്റെ നൈതികത. വികസനം നീതിപൂർവ്വമാകണമെങ്കിൽ സ്ഥല-ജല-ജൈവാജൈവ വിഭവങ്ങളുടെ നീതിപൂർവ്വവും കാര്യക്ഷമവുമായ കൈകാര്യം ചെയ്യൽ ആവശ്യമാണ്. ആധുനിക വികസന മാതൃകയുടെ ആരംഭം വ്യാവസായിക വിപ്ലവത്തോടെയാണ് ആരംഭിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ അധികരിച്ചതോതിലുള്ളതും അതിദ്രുതമായതുമായ സമാഹരണവും വിനിയോഗവും ആരംഭിച്ചത് ഈ കാലത്താണ്. വിഭവങ്ങളുടെയും ഉപഭോഗ വസ്തുക്കളുടെയും ലഭ്യത ശാസ്ത്ര സാങ്കേതികവിദ്യുടെ വികാസത്തിനും ജനസംഖ്യാവർദ്ധനവിനും കാരണമായി. ക്രിസ്തുവർഷം ആരംഭിക്കുമ്പോൾ 20 കോടി മാത്രമായിരുന്ന ജനസംഖ്യ 1600 വർഷം കൊണ്ടാണ് 50 കോടി ആകുന്നത്. 1800ൽ അത് 100 കോടിയായി. 1927ൽ 200 കോടിയും, 1960ൽ 300 കോടിയും 1974ൽ 400 കോടിയും 1987ൽ 500 കോടിയും 1997ൽ 600 കോടിയും ആയി. അതായത് 1804ൽ 100 കോടി ആയിരുന്നത് 200 കോടി ആവാൻ 123 വർഷമെടുത്തു. അതിനുശേഷം 33 വർഷം കൊണ്ട് മറ്റൊരു 100 കോടിയും, പിന്നെ 14 വർഷത്തിനും 13 വർഷത്തിനും 10 വർഷത്തിനും ഇടയിൽ ഓരോ നൂറ് കോടിയുടെ വർദ്ധന ലോക ജനസംഖ്യയിൽ ഉണ്ടായി. ഈ ജന


ഡോ. എ. അച്ചുതൻ

സംഖ്യാവിസ്ഫോടനത്തോടൊപ്പമാണ് പരിമിതികളില്ലാത്ത വികസനവും ഉപഭോഗത്വരയും വർദ്ധിക്കുന്നത്. അങ്ങനെയാണ് പരിസ്ഥിതിയേയും വിഭവങ്ങളെയും സംബന്ധിച്ച് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. വിഭവചൂഷണത്തിലും അമിതോപഭോഗത്തിലും അധിഷ്ഠിതമായ ഈ വികസനം സമൂഹത്തിലെ അന്തരം വർദ്ധിപ്പിച്ചു. വർദ്ധിച്ച തോതിൽ വിഭവചൂഷണവും ഉപഭോഗവും നടത്തുന്നവരെ 'ബഹുഭോജികൾ' എന്നാണ് മാധവ് ഗാഡ്ഗിൽ വിളിക്കുന്നത്. ബഹുഭോജികൾ വികസനം അവർക്ക് വേണ്ടതരത്തിലാക്കുന്നു. സർക്കാരുകൾ അവർക്ക് ഒത്താശ ചെയ്തുകൊടുക്കുന്നു. അങ്ങനെ കൂടുതൽ കൂടുതൽ വിഭവങ്ങൾ, ഭരണകൂടത്തിന്റെ ഒത്താശയോടെ, പൊതുഖജനാവിന്റെ ചിലവിൽ നഗരങ്ങളിലെ സമ്പന്നർക്ക് ലഭ്യമാക്കുന്ന പരിപാടിയായി വികസനം മാറി. അസന്തുലിതമായ ഈ വികസനം വലിയ നഷ്ടമാണ് രാജ്യത്തിനുണ്ടാക്കുന്നത്. വികസനത്തിന്റെ വിനാശങ്ങൾ ഇത്രയും രൂക്ഷമാകുന്നതിന് മുമ്പ് 1992ലെ കണക്കുകൾ നോക്കിയാൽ പോലും പ്രതിവർഷം 34,000 കോടി രൂപ നഷ്ടം വികസന പ്രവർത്തനങ്ങൾ കാരണം ഇന്ത്യയിൽ ഉണ്ടാകുന്നുണ്ട്. ജലമലിനീകരണവും വായുമലിനീകരണവും വനനശീകരണവും മൂലമുള്ള നഷ്ടമാണിത്. ഇതൊന്നും എവിടെയും ചർച്ചചെയ്യാറില്ല. എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം ലാഭം മാത്രമാണെന്ന് കരുതുകയും ആ ലാഭം മത്സരിച്ചും ആക്രമിച്ചും കയ്യടക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ പരിസ്ഥിതിയുമായി സമരസപ്പെട്ടുകൊണ്ടുള്ള വികസനം സാധ്യമല്ല. മേൽത്തട്ടിലുള്ള ഏതാനും പേർ നിയന്ത്രിക്കുന്ന ഇന്നത്തെ വ്യവസ്ഥയ്ക്ക് പകരം ജനങ്ങൾക്കെല്ലാം നിയന്ത്രണമുള്ള ഒരു വ്യവസ്ഥിതിയുണ്ടായാൽ മാത്രമേ അത് സാധ്യമാകൂ.

**വികസനത്തിന്റെ വിനാശങ്ങൾ ഏറ്റവും രൂക്ഷമായി ബാധിച്ചിരിക്കുന്ന ഒരു അടിസ്ഥാന വിഭവമാണല്ലോ ജലം. ജലത്തെക്കുറിച്ചുള്ള അറിവില്ലായ്മയും ജലലഭ്യതയ്ക്കനുസരിച്ച് ധൂർത്താകാം എന്ന ധാരണയും ഇന്നത്തെ വികസന പ്രവർത്തനങ്ങളിൽ ഉടനീളം കാണാം. ജലത്തെക്കുറിച്ച് ഏറെ പഠിച്ചിട്ടുള്ള വ്യക്തി എന്ന നിലയിൽ എത്രമാത്രം അപകടകരമാണ് ഈ പ്രവണത എന്നാണ് മാഷ് വിലയിരുത്തുന്നത്?**

ജലസംരക്ഷണത്തിന് പ്രാമുഖ്യം ലഭിക്കുന്ന ഒരു വികസന മാതൃക രൂപപ്പെടുത്തുന്നതിൽ ചില ശ്രമങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. 'നീർത്തടാധിഷ്ഠിത വികസനം' എന്നൊരു സങ്കൽപ്പം ഇവിടെ മുന്നോട്ടുവച്ചിട്ടുണ്ടായിരുന്നല്ലോ. ഓരോ നീർത്തടത്തിനും അതിന്റെ പ്രത്യേകതകൾക്കനുസരിച്ച് വ്യത്യസ്ത വികസന മാതൃകകൾ സ്വീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. ഒരു വാട്ടർഷെഡിൽ ലഭ്യമായ വെള്ളം എത്രയാണെന്ന് കണക്കാക്കുകയും അവിടെ വരുന്ന ഉപയോഗം എത്രയാണെന്ന് വിലയിരുത്തുകയും അതിനനുസരിച്ച് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയുമായിരുന്നു പരിപാടി. വെള്ളത്തിന്റെ പ്രാഥമിക ഉറവിടം മഴയാണ്. പെയ്യുന്ന മഴ പരമാവധി ഉപയോഗിക്കുന്നതിനുള്ള പരിപാടികളും നീർത്തടാധിഷ്ടിത വികസനത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു. എന്നാൽ അതൊന്നും കാര്യക്ഷമമായി മുന്നോട്ടുപോയില്ല. അതിനേക്കാൾ ശക്തമായ ഒരു വികസനമാതൃക വന്ന് അത്തരം പരീക്ഷണങ്ങളെയെല്ലാം തകർത്തുകളഞ്ഞു. സർക്കാർ സംവിധാനങ്ങൾക്കും അതൊന്നും മുന്നോട്ടുപോകണമെന്ന് താത്പര്യമുണ്ടായിരുന്നില്ല. അല്ലെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥരുടെ മുൻകൈയിലല്ല, ജനങ്ങളുടെ മുൻകൈയിലാണ് നടക്കേണ്ടത്. മഹാരാഷ്ട്രയിലെ ലത്തൂർ പോലെ വരൾച്ചയുള്ള പ്രദേശങ്ങളിലെല്ലാം കർഷകരുടെ മുൻകൈയിൽ ജലസംരക്ഷണ

പ്രവർത്തനങ്ങൾ നന്നായി നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. മണ്ണിനോട് മമതയുള്ളവർ ഉണ്ടായതുകൊണ്ടാണ് അവിടെ അത് നടന്നത്. കേരളത്തിൽ ധാരാളം വെള്ളമുണ്ടെന്ന ധാരണയിലാണ് മലയാളി ജീവിക്കുന്നത്. പറയുമ്പോൾ ഒമ്പത് മാസം മഴയുണ്ട്. 44 നദികളുണ്ട്. എന്നാൽ കേരളത്തിലെ ഒരു നദിക്കുപോലും ഗോദാവരിയുടെ നാലിലൊന്ന് വലിപ്പം പോലുമില്ല. വെള്ളത്തിന്റെ ലഭ്യത നോക്കിയാൽ കേരളത്തിൽ ഉണ്ട്. എന്നാൽ അത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങൾ അത് തിരിച്ചറിയുന്നില്ല എന്നുമാത്രം. സ്ഥല-ജല മാനേജ്മെന്റ് എന്നത് അതിന്റെ ചിന്തയിലേ ഇല്ല. മഴയുള്ള വർഷങ്ങളിൽ പോലും കേരളത്തിൽ വരൾച്ചയുണ്ടാകാൻ കാരണം അതാണ്.

നഗരങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടിയാണ് വിഭവങ്ങളെല്ലാം ഇന്ന് അമിതമായി ഉപയോഗിക്കപ്പെടുന്നത്. കോഴിക്കോടിന്റെ കാര്യം തന്നെ നോക്കൂ. 50 കിലോമീറ്റർ അകലെയുള്ള പെരുവണ്ണാമൂഴി ഡാമിൽ നിന്നും വെള്ളം കൊണ്ടുവന്നിട്ടാണ് കോഴിക്കോട് നഗരം ഇന്ന് ജീവിക്കുന്നത്. ദില്ലി നഗരത്തിലേക്ക് 70 കിലോമീറ്റർ അകലെയുള്ള യമുനാ നദിയിൽ നിന്നാണ് വെള്ളം കൊണ്ടുവന്നിരുന്നത്. അതും തികയാതെ വന്നതോടെ ഇപ്പോൾ 200 കിലോമീറ്റർ അകലെയുള്ള തെഹ്‌രി ഡാമിൽ നിന്നും വെള്ളമെടുക്കുന്നതിനാണ് ആലോചിക്കുന്നത്.

**നഗരവത്കരണമാണ് ഇന്നത്തെ വികസന പ്രവർത്തനങ്ങളുടെ മുഖ്യപരിഗണന. വിഭവങ്ങളെല്ലാം നഗരങ്ങളുടെ വളർച്ചയ്ക്കായി ഒഴുകിക്കൊണ്ടിരിക്കുകയാണ്. നഗരത്തിന് ഒന്നും സുസ്ഥിരമായി ഉപയോഗിക്കാൻ കഴിയുന്നുമില്ല. ജലോപയോഗത്തിന്റെ കാര്യത്തിൽ ഇത് വലിയ സംഘർഷങ്ങൾ സൃഷ്ടിക്കുന്നില്ലേ?**

തീർച്ചയായും ഉണ്ട്. നഗരങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടിയാണ് വിഭവങ്ങളെല്ലാം ഇന്ന് അമിതമായി ഉപയോഗിക്കപ്പെടുന്നത്. കോഴിക്കോടിന്റെ കാര്യം തന്നെ നോക്കൂ. 50 കിലോമീറ്റർ അകലെയുള്ള പെരുവണ്ണാമൂഴി ഡാമിൽ നിന്നും വെള്ളം കൊണ്ടുവന്നിട്ടാണ് കോഴിക്കോട് നഗരം ഇന്ന് ജീവിക്കുന്നത്. ദില്ലി നഗരത്തിലേക്ക് 70 കിലോമീറ്റർ അകലെയുള്ള യമുനാ നദിയിൽ നിന്നാണ് വെള്ളം കൊണ്ടുവന്നിരുന്നത്. അതും തികയാതെ വന്നതോടെ ഇപ്പോൾ 200 കിലോമീറ്റർ അകലെയുള്ള തെഹ്‌രി ഡാമിൽ നിന്നും വെള്ളമെടുക്കുന്നതിനാണ് ആലോചിക്കുന്നത്. ശരിക്കും ഇത് ആർക്ക് അവകാശപ്പെട്ട വെള്ളമാണ്? എത്രയോ ഗ്രാമങ്ങൾക്ക് ആവശ്യമുള്ള വെള്ളമാണ് ഇങ്ങനെ നഗരങ്ങളിലേക്ക് കൊണ്ടുപോകുന്നത്. കാർഷിക ആവശ്യങ്ങൾക്കുള്ള ജലസേചനം എന്നു പറഞ്ഞാണ് പല ഡാമുകളും ആരംഭിക്കുന്നത്. പിന്നീട് അത് നഗരങ്ങൾക്ക് വെള്ളം നൽകാനുള്ള പദ്ധതികളായി മാറുന്നു. പെരുവണ്ണാമൂഴിയിൽ തന്നെ കാർഷിക ജലസേചനത്തിനായി ഉപയോഗിച്ചിരുന്ന പല കനാലുകളും പൂട്ടിയ ശേഷമാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളം കോഴിക്കോട് നഗരത്തിലേക്ക് എത്തിച്ചത്. തദ്ദേശീയമായി ലഭ്യമായ വെള്ളം എങ്ങനെ ഉപയോഗിക്കണമെന്ന് നഗരങ്ങൾക്ക് അറിയാതെയായിരിക്കുന്നു. വ്യവസായങ്ങൾക്കും നഗരത്തിലെ പ്രമാണിവർഗ്ഗത്തിനും വിഭവങ്ങൾ പകുത്ത് നൽകാൻ തീരുമാനിച്ചിരിക്കുന്ന വികസന സങ്കൽപ്പം നമ്മെ ഭരിക്കുന്നതിനാൽ ഇതിന് ഒരു പരിഹാരമുണ്ടാകുന്നില്ല. ഗ്രാമങ്ങൾക്ക് കുടിവെള്ളം കിട്ടാതാകുമ്പോഴും നഗരങ്ങളിലുള്ളവർക്ക് വാഹനങ്ങൾ കഴുകുന്നതിനും പൂന്തോട്ടം നനയ്ക്കുന്നതിനുമെല്ലാം ഇഷ്ടം പോലെ വെള്ളം ലഭ്യമാണ്. ഉപഭോഗപരതയെ പ്രോത്സാഹിപ്പിക്കുക എന്നതും ഈ വികസനത്തിന്റെ ലക്ഷ്യമാണല്ലോ. വെള്ളം ഒരുപാട് ഉപയോഗിക്കപ്പെട്ടാലും കൺസ്യൂമറിസം കൂടണം എന്നതാണ് ചിന്ത.

**കേരളത്തിന്റെ കാര്യം നോക്കുമ്പോൾ ഇത്തരം നഗരവത്കരണം ഇവിടെയും കൂടിക്കൊണ്ടേ ഇരിക്കുകയല്ലേ. നഗരങ്ങൾ പെരുകിക്കൊണ്ടേയിരിക്കുന്നു, വിഭവങ്ങൾ ചുരുങ്ങിക്കൊണ്ടേയിരിക്കുന്നു. കേരളത്തിന് ഈ രീതിയിൽ മുന്നോട്ടുപോകാൻ കഴിയുമോ?**

കേരളം ഇപ്പോൾ പിന്തുടരുന്ന തരത്തിലുള്ള വികസന പരിപ്രേക്ഷ്യത്തിന് ഒരു സാധ്യതയുമില്ലാത്ത സ്ഥലമാണ് നമ്മുടെ സംസ്ഥാനം. നമുക്ക് ഭൂമി വളരെ കുറവാണ്. ഭൂമിയാണല്ലോ ഏറ്റവും പ്രധാനം. അതിന്റെ ലഭ്യതയെക്കുറിച്ച് ചിന്തിക്കാതെയാണ് വികസന പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നത്.

വഹനശേഷി എന്നൊരു സംഗതിയുണ്ട്. വിഭവങ്ങളും ഭൂമിശാസ്ത്രവുമെല്ലാം പരിഗണിച്ച് എത്രത്തോളം വികസിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ഒരു ധാരണയുണ്ടാക്കിയ ശേഷം മാത്രമേ പദ്ധതികൾ ആവിഷ്കരിക്കാവൂ. അങ്ങനെ നോക്കിയാൽ വലിയ വികസന പദ്ധതികൾക്ക് കേരളത്തിൽ ഇനി സാധ്യതയില്ല. കേരളത്തിന്റെ പരിധി കഴിഞ്ഞിരിക്കുന്നു. കീഴാറ്റൂർ പോലെയുള്ള വിഷയങ്ങൾ അതുകൊണ്ടാണ് ഉണ്ടാകുന്നത്. എന്നാലും ദുബായ്, സിംഗപ്പൂർ തുടങ്ങിയ സിറ്റികൾ പോലെയാക്കുക എന്നതാണ് വികസനരൂപരേഖ തയ്യാറാക്കുന്നവർ കേരളത്തെക്കുറിച്ച് കാണുന്ന സ്വപ്നം. ഇത് നടക്കുന്ന കാര്യമല്ല. ഒന്നാമത് ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ വ്യത്യാസങ്ങൾ പ്രധാനമാണ്. വിലപ്പെട്ട ഒരു വിഭവവും സ്വന്തമായി ഇല്ലാതെ, കടം വാങ്ങിയാണ് കേരളം ഈ രീതിയിൽ മുന്നോട്ടു പോകുന്നത്. പെട്രോളിയം ഉള്ളതുകൊണ്ടാണ് ഗൾഫ് രാജ്യങ്ങൾക്ക് അത് സാധ്യമാകുന്നത്. കേരളത്തിന് ഉള്ളതെന്താണെന്ന് വിലയിരുത്തി നമ്മൾ നമുക്ക് അനുയോജ്യമായ വികസന സങ്കൽപ്പം രൂപപ്പെടുത്തുകയാണ് വേണ്ടത്. മുതലാളിത്ത നിക്ഷേപങ്ങൾ തൊഴിൽ കൊണ്ടുവരുന്നതുകൊണ്ടാണ് ഈ രീതിയിലുള്ള വികസനത്തിനായി ശ്രമിക്കുന്നതെന്നാണ് സർക്കാരുകളുടെ വാദം. തൊഴിൽ കൊണ്ടുവരുന്നു എന്നത് മിഥ്യയാണ്. നമ്മൾ അതിന്റെ യാഥാർത്ഥ്യം അന്വേഷിച്ചാൽ ശരിക്കും കേരളത്തിലെ ജനങ്ങളുടെ നിപുണത ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള ഒരു തൊഴിൽ മേഖല ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നു കാണാം. സ്വകാര്യവത്കരണം വഴി സൃഷ്ടിക്കപ്പെട്ട തൊഴിൽ മേഖലകളിലെല്ലാം സംഘർഷം പുകയുകയാണ്. കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം കണ്ടില്ലേ. അടിമകൾക്ക് സമാനമായ രീതിയിലാണ് അവർ ജോലി ചെയ്യുന്നത്. കേരളത്തിൽ വന്നിട്ടുള്ള ഏത് വമ്പൻ നിക്ഷേപത്തേക്കാളും വലിയ തൊഴിൽദാതാവ് സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന ചെറുകിട-വില്ലേജ് ഇൻഡസ്ട്രികളാണ്. ആ മേഖലയ്ക്ക് എന്തുകൊണ്ടാണ് പ്രോത്സാഹനം കിട്ടാത്തത് എന്നാലോചിക്കുമ്പോഴാണ് വികസന പരിപ്രേക്ഷ്യത്തിന്റെ ചതിക്കുഴികൾ നമ്മളറിയുന്നത്.

**ഈ തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ നമ്മൾ ചില ഇടപെടലുകൾ നടത്താൻ ശ്രമിക്കുമ്പോൾ എങ്ങനെയാണ് അതിനെ ഭരണനയങ്ങളിൽ മാറ്റമുണ്ടാക്കാൻ ശേഷിയുള്ള ഒരു ഇടപെടലായി മാറ്റാൻ കഴിയുന്നത്?**

പ്രയാസമാണ്. എന്നാലും ശ്രമിക്കാതെ വഴിയില്ലല്ലോ. ബദലുകൾ മുന്നോട്ടുവച്ചുകൊണ്ടുതന്നെ എതിർക്കുകയാണ് ഒരു ഫലപ്രദമായ വഴി. സമരങ്ങൾക്ക് അതിന് കഴിയണമെന്നില്ല. എന്നാൽ പുറമെ നിൽക്കുന്ന പരിസ്ഥിതി പ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കുമെല്ലാം അതിന് കഴിയുമല്ലോ. കീഴാറ്റൂരിൽ തന്നെ പരിഷത്ത് പ്രവർത്തകർ വയൽ നികത്താതെ റോഡ് നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ അവതരിപ്പിച്ചിരുന്നല്ലോ. പരിഷത്ത് മാത്രമല്ല, അത്തരത്തിൽ ചിന്തിക്കുന്നവരെല്ലാം ഒരുമിച്ചിരുന്ന് കേരളത്തിന് ഒരു ബദൽ വികസന മാതൃക രൂപപ്പെടുത്തേണ്ടതാണ്. ഭരണനയങ്ങളെ സ്വാധീനിക്കുന്നതരത്തിൽ അത് ശക്തിപ്പെടണമെങ്കിൽ പല ഗ്രൂപ്പുകളും ഒരുമിച്ചിരുന്ന് ചെയ്യണം. ചെയ്തു തുടങ്ങിയാൽ മാത്രമേ മറ്റ് കാര്യങ്ങൾ ആലോചിക്കാൻ കഴിയൂ. മാർക്കറ്റ് ഇക്കോണമിയുടെ ചിന്തയിലൂടെ കാര്യങ്ങളെക്കണ്ടാൽ ഒരു ബദലും നമുക്ക് ആവിഷ്കരിക്കാൻ കഴിയില്ല. മാർക്കറ്റ് ഇക്കോണമി ധൂർത്തുകളെ നിലനിർത്തുകയും സമാന്യവത്കരിക്കുകയുമാണ് ചെയ്യുന്നത്. ആ ചിന്താരീതിതന്നെ മാറേണ്ടിവരും.■


**കേരളീയം**
**വികസനം പ്രത്യേകലക്കം**




**132 പേജ്, 50 രൂപ,**
**50ൽ അധികം എഴുത്തുകാർ**

'വികസനം എന്ന ആശയം,
അനുഭവം, അനിവാര്യത'

**കോപ്പികൾക്ക്: 8943221148**